കൂടുന്നുവെന്നുകണ്ടാൽ തീർച്ചയായും നമുക്ക് ഇവിടെ കൊണ്ടുവന്ന് ഭേദഗതി വരുത്താമല്ലോ. അപ്പോൾ അത് ചെയ്യാം.

(2) ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ ഇടുക്കിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള തീരുമാനമെടുത്ത ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇടുക്കിയുടെ വിദ്യാഭ്യാസപരവും ചികിത്സാപരവുമായ പിന്നോക്കാവസ്ഥ തിരിച്ചറിയുന്നതിനും ആ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും ഈ സർക്കാരിന് കഴിയുന്നതിന്റെ ഭാഗമായിട്ടുള്ളതാണ് ഈ നടപടി. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഈ നടപടികൾക്ക് നേതൃത്വം നൽകുന്ന ശ്രീ. പി.ജെ. ജോസഫിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ സന്തോഷവാർത്തയ്ക്കിടയിലും ഇടുക്കിയിലെ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ആശങ്കയിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ ഇടുക്കി ജില്ല മലയോരവും താഴ്വാരവുമായി രണ്ടായി വിഭജിക്കപ്പെട്ട് കിടക്കുകയാണ്. വിസ്തൃതിയിലും ജനസംഖ്യയിലും പിന്നോക്കാവസ്ഥയിലും മലയോരമേഖലയാണ് മുന്നിൽ. താഴ്വരയിൽ ചെറുകിട ഇടത്തരം കർഷകരും വ്യവസായികളും അധിവസിക്കുമ്പോൾ കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും മലയോരമേഖലയിൽ തിങ്ങിപ്പാർക്കുന്നു. ഇടുക്കി ജില്ലയുടെ രാഷ്ട്രീയ നേതൃത്വം പലപ്പോഴും താഴ്വരയിൽനിന്നായതുകൊണ്ട് വികസനവും താഴ്വരയിൽ കേന്ദ്രീകരിച്ച് നിൽക്കുകയാണ്. താഴ്വരയും മലയോരവും തമ്മിലുള്ള വൈരുദ്ധ്യം വർഷങ്ങളായി നിലനിൽക്കുന്നു. അത് വളർന്ന് വിഘടനവാദത്തിലേയ്ക്കുപോലും എത്തിയേക്കാവുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. നിർദ്ദിഷ്ട മെഡിക്കൽ കോളേജ് തൊടുപുഴയിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്ന വാർത്ത മലയോര മേഖലയിലെ ജനങ്ങളെയാകെ രോഷാകുലരാക്കിയിരിക്കുകയാണ്. തൊടുപുഴ വിദ്യാഭ്യാസപരവും ചികിത്സാപരവുമായി വളരെ മുന്നിലാണ്. തൊടുപുഴയിൽ ഏഴു നിലകളിലുള്ള ഒരു താലൂക്ക് ആശുപത്രി ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഒരു മെഡിക്കൽ കോളേജ് വരുമ്പോൾ അത് എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്ഥലത്താണ് വരേണ്ടത്. ഇവിടെ ചികിത്സാപരമായി എല്ലാ സൗകര്യങ്ങളും നിലനിൽക്കുകയാണ്. ജില്ലാ സഹകരണ ആശുപത്രി തൊടുപുഴയിലാണ്, ജില്ലാ ആയുർവേദ ആശുപത്രി തൊടുപുഴയിലാണ്, ജില്ലാ ഹോമിയോ ആശുപത്രി തൊടുപുഴയിലാണ്. ഉന്നത നിലവാരമുള്ള ഒട്ടേറെ സ്വകാര്യ ആശുപത്രികൾ തൊടുപുഴയിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജ്, വളരെ ഉന്നത നിലവാരമുള്ള കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, മാതാ അമൃതാനന്ദമയി ആശുപത്രി, ഇപ്പോൾ എറണാകുളത്ത് ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജ് എന്നിവ തൊടുപുഴയിൽനിന്ന് ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്തിപ്പെടാവുന്ന സ്ഥലത്താണ്. ഇടുക്കിയുടെ സ്ഥിതി പരമദയനീയമാണ്. ഇടുക്കി ഉൾക്കൊള്ളുന്ന മലയോര മേഖലയുടെ ഗൗരവം കാണാതിരിക്കാൻ കഴിയുകയില്ല. ഇടുക്കിയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രിക്ക് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പോലും സൗകര്യം ഇപ്പോഴില്ല. ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറിയ പശ്ചാത്തലത്തിൽ ഈ സ്ഥിതി ഇപ്പോഴും തുടരുകയാണ്.

[10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി മേഖലയിലെ ചികിത്സാ സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. പഞ്ചായത്ത് തലങ്ങളിൽപോലും വേണ്ടത്ര സൗകര്യങ്ങളില്ല. വേണ്ടത്ര സൗകര്യങ്ങളുള്ള താലൂക്ക് ആശുപത്രികളില്ല, ജില്ലാ ആശുപത്രിയില്ല. പ്രകൃതിക്ഷോഭവും റോഡ് അപകടങ്ങളും ഏറ്റവും കൂടുതൽ ഉണ്ടാകുന്ന ഇടുക്കി മലയോര മേഖലയിൽ യഥാസമയം ചികിത്സ കിട്ടാതെ മരിക്കുന്ന രോഗികളുടെ എണ്ണം എത്രയോ കൂടുതലാണ്. ചികിത്സ കിട്ടാതെ മരിക്കാതെ മരിക്കുന്ന നരകയാതന അനുഭവിക്കുന്ന ആളുകൾ ഏറെയാണ്. ഇടുക്കി നിവാസികൾക്ക് എന്തെങ്കിലും അപകടം ഉണ്ടായാൽ കൂടുതൽ ചികിത്സ ലഭിക്കുന്നതിന് കോട്ടയം മെഡിക്കൽ കോളേജിൽ എത്താൻ നാലഞ്ചു മണിക്കൂർ യാത്രചെയ്യേണ്ട സ്ഥിതിയാണ്. ഗതാഗത സൗകര്യം വേണ്ടത്രയില്ലാത്ത ഇടുക്കി മേഖലയിൽ ഇന്നും അപകടം പറ്റുന്ന ആളുകളെയും രോഗികളെയും പല്ലക്കിൽ ചുമന്ന് ആശുപത്രിയിൽ എത്തിക്കുന്ന സ്ഥിതിയാണുള്ളത്. നിർദ്ദിഷ്ട മെഡിക്കൽ കോളേജ് ഇടുക്കിയിൽ സ്ഥാപിച്ചുകൊണ്ട്, ഇടുക്കി മേഖലയുടെ വിദ്യാഭ്യാസപരവും ..... ബഹളം ..... ബഹളം ..... ഞാൻ വളരെ ഗൗരവമായിട്ട് ഈ പ്രശ്നം ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് നിരുത്സാഹപ്പെടുത്തിയിട്ട് കാര്യമില്ല. പി.സി. ജോർജ്ജിന് ഭീഷണിയുടെ ആവശ്യമില്ല. അങ്ങനെ ഭയപ്പെടുത്തണ്ട. മലയോര മേഖലയിലെ ആളുകളുടെ ശക്തമായ ആവശ്യമാണ്. പുറകോട്ട്മാറുന്ന പ്രശ്നമില്ല.

മി. ഡെ. സ്പീക്കർ : **** **** ശ്രീ. പി.പി. സുലൈമാൻ റാവുത്തറുടെ പരാമർശം സഭാരേഖയിൽനിന്നും നീക്കംചെയ്യുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഇടുക്കി ജില്ലയിൽ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നം സംസാരിക്കാൻ പോലും കഴിയുന്നില്ല എന്നുള്ളത് ദുഃഖകരമായ കാര്യമാണ്. നിർദ്ദിഷ്ട മെഡിക്കൽ കോളേജ് ഇടുക്കിയിൽ സ്ഥാപിച്ചുകൊണ്ട് ഇടുക്കി മേഖലയിലെ വിദ്യാഭ്യാസപരവും ചികിത്സാപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ തയാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 100 ഏക്കർ ഭൂമി സൗജന്യമായി കൊടുക്കാൻ തയ്യാറാണെന്ന് ഇടുക്കി വികസന അതോറിറ്റി തീരുമാനമെടുത്ത് ഐ.എച്ച്.ആർ.ഡി.യെ അറിയിച്ചിട്ടുണ്ട്. തൊടുപുഴയിൽ 100 ഏക്കർ ഭൂമി എടുക്കണമെങ്കിൽ 15 കോടി രൂപ ചെലവഴിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇടുക്കി വികസന അതോറിറ്റി എടുത്ത തീരുമാനത്തിലൂടെ തുടങ്ങാൻ പോകുന്ന നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് 15 രൂപ ലാഭിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നു. ഇത് ഗൗരവമായി പരിശോധിക്കണം. ഇങ്ങനെ ഒരു പാഴ്ചെലവിന് പോകേണ്ട കാര്യമുണ്ടോ? കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടുകൂടിയാണ് ഐ.എച്ച്.ആർ.ഡി. പ്രവർത്തിക്കുന്നത്. ഈ പ്രശ്നം ഗൗരവമായി കാണണമെന്ന് അഭ്യർത്ഥിക്കുന്നു. സങ്കുചിത വ്യക്തി താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പോകുന്നത് ശരിയല്ല. തൊടുപുഴ ഇടുക്കി ജില്ലയിലെ അപ്രഖ്യാപിത തലസ്ഥാനമായി കൊണ്ടുപോകുന്ന നീക്കം ശരിയല്ല. ഇത് ഗൗരവത്തോടുകൂടി കാണണം. സാമ്പത്തിക ലാഭത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാലും നിർദ്ദിഷ്ട മെഡിക്കൽ കോളേജ് ഇടുക്കി ആസ്ഥാനത്തുതന്നെ സ്ഥാപിക്കണം.

**** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ വിഷയം ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് ചൂണ്ടിക്കാണിച്ചതുപോലെ തമാശയായിട്ട് കാണേണ്ടതല്ല. കേന്ദ്ര ഇടപെടൽ നടക്കുകയില്ലെന്ന് ആന്റണി രാജു പറയുന്നു. ഇതിന്റെ അപകടം മനസ്സിലാക്കി ഈ പ്രശ്നത്തിന് നീതിപൂർവ്വമായ തീരുമാനം ഉണ്ടാക്കണം. ഇടുക്കി മലയോരമേഖലയിൽ വളരെ വർഷങ്ങളായി അവഗണിക്കപ്പെടുന്ന, ചവുട്ടിമെതിക്കുന്ന ജനതയ്ക്ക് നീതി കിട്ടണം. അതിനുവേണ്ടിയുള്ള പോരാട്ടം നിയമസഭയ്ക്കകത്തും പുറത്തും തുടരേണ്ടിവരുമെന്ന് ഞാൻ പറയുകയാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്.

മി. ഡെ. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ ചെയർ അനുവദിക്കുന്നില്ല.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇപ്പോൾ കേരളത്തിൽ ആറ് മെഡിക്കൽ കോളേജുകളും 80 സീറ്റുകളുമാണുള്ളത്. കൂടുതൽ മെഡിക്കൽ കോളേജുകൾ കേരളത്തിൽ ആവശ്യമായിട്ടുണ്ട്. ഐ.എച്ച്.ആർ.ഡിക്ക് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്) ഇതുവരെ എഞ്ചിനീയറിംഗ് കോളേജുകൾ മാത്രമാണുള്ളത്. ഈ വർഷവും ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങും. അടുത്തവർഷം എഞ്ചിനീയറിംഗ് കോളേജും മെഡിക്കൽ കോളേജും തുടങ്ങാൻ അപേക്ഷിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ അനുമതിക്ക് വിധേയമായിട്ടാണ്. ഗവൺമെന്റിന്റെ അനുവാദം വാങ്ങിച്ചിട്ടില്ല. ഐ.എച്ച്.ആർ.ഡി. അങ്ങനെ ഒരു റസല്യൂഷൻ പാസ്സാക്കി സർക്കാർ അനുമതിക്ക് സമർപ്പിച്ചിരുന്നു. ഇതിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിക്കണമെന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജിനാണെങ്കിൽ മുമ്പ് സ്ഥലം കൊടുക്കാമെന്ന് പറഞ്ഞാൽ മതിയായിരുന്നു. ഇപ്പോൾ 25 ഏക്കർ സ്ഥലമുണ്ടെന്ന രേഖ ഹാജരാക്കിയാലേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സ്ട്രിക്ട് ആക്കിയിരിക്കുകയാണ്. മെഡിക്കൽ കോളേജിന്റെ കാര്യത്തിലാണെങ്കിലും സ്ഥലം വേണം. 300 ബെഡ് ആശുപത്രി വേണം. ബഹുമാനപ്പെട്ട ശ്രീ. സുലൈമാൻ റാവുത്തർ ഈ വിഷയം ഇവിടെ ഉന്നയിച്ചതിൽ എനിക്ക് അദ്ദേഹത്തോട് നന്ദിയുണ്ട്. കാരണം അദ്ദേഹത്തിന്റെ വാദഗതികൾ തന്നെ എടുത്താൽ മതി. ഇടുക്കിയിലെ ആശുപത്രിയിൽ ഒരു ഫ്രൈമറി ഹെൽത്ത് സെന്ററിന്റെ സൗകര്യം പോലും ഇല്ലായെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ അപേക്ഷ പരിഗണിക്കണമെങ്കിൽ 300 ബെഡുള്ള ആശുപത്രി ഉണ്ടായിരിക്കണം. 300 ബെഡുള്ള ആശുപത്രി 7 നില കെട്ടിടം തൊടുപുഴയിൽ ഉയർന്നു വരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഐ.എച്ച്.ആർ.ഡി.ക്ക് അനുകൂലമായ എല്ലാ വാദഗതികളും അദ്ദേഹം പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. സൗകര്യമുണ്ടെങ്കിൽ ആഗസ്റ്റ് 31-ാം തീയതിക്കു മുമ്പ് 300 ബെഡുള്ള ആശുപത്രി ഇടുക്കിയിൽ തീർത്താൽ ശ്രീമാൻ സുലൈമാൻ റാവുത്തർ പറഞ്ഞതുപോലെ തൊടുപുഴയിലെ അപേക്ഷ മാറ്റി അങ്ങോട്ടേക്ക് അപേക്ഷിക്കാം. അത് ഞാൻ പൂർണ്ണമായും യോജിക്കുന്നു. തൊടുപുഴ ഗവൺമെന്റാശുപത്രി പുതുതായി തുടങ്ങിയതല്ല. എത്രയോ പഴയ ആശുപത്രിയാണ്. അവിടെ അതിനുള്ള സൗകര്യമുണ്ടായിരിക്കുന്നതനുസരിച്ച് അതിന്റെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ മെഡിക്കൽ കോളേജിന് ഏകദേശം വരുന്ന കണക്കനുസരിച്ച് തൊടുപുഴയിൽ ഭൂമിക്ക് ഐ.എച്ച്.ആർ.ഡി. ഒറ്റ പൈസ പോലും മുടക്കിയില്ല. ഭൂമി നാട്ടുകാർ വിലകൊടുത്തുവാങ്ങി കൊടുത്താലേ പരിഗണിക്കുകയുള്ളൂ. അദ്ദേഹം പറഞ്ഞു 100 ഏക്കർ ഭൂമിക്ക് 15

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയാകുമെന്നൊക്കെ. നാട്ടുകാരിൽനിന്നും ആഗസ്റ്റ് 31-ന് മുമ്പ് കടം വാങ്ങി തന്നാൽ മാത്രമേ പരിഗണനയ്ക്ക് വിടുകയുള്ളൂ. ഇത് പരിഗണിക്കാത്തതിനു കാരണം ഇത്രയും രൂപ ഉണ്ടാക്കാനുള്ള ഏർപ്പാടുണ്ടാക്കുക. അല്ലാതെ ഗവൺമെന്റിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ട് കാര്യമില്ല. ഇപ്പോൾ ആശുപത്രി അവിടെയുണ്ട് എന്നുള്ളത് വസ്തുതയാണ്. പക്ഷേ സ്ഥലം ഉണ്ടാക്കണം. രണ്ടാമത് കോളേജ് കെട്ടിടത്തിന് ഈ 300 ബെഡുള്ള ആശുപത്രി ഉണ്ടാക്കിയാൽ മാത്രം പോര, 35 കോടി രൂപയുടെ ഹോസ്പിറ്റൽ എക്യൂപ്മെന്റ്സ് വേണം. ബാക്കിയുള്ള എയർ-കണ്ടീഷനിംഗ്, ഗ്യാസ് പൈപ്പ്, ഫയർ ഫൈറ്റിംഗ് എക്യൂപ്മെന്റ്സ് തുടങ്ങിയവയ്ക്ക് 20 കോടി രൂപ, ഫ്രീ-ഓപ്പറേഷൻ എക്യൂപ്മെന്റ്സ് 10 കോടി രൂപ, മിസേലനിയസ് എക്സ്പൻസസ് 5 കോടി രൂപ, അങ്ങനെ 75 കോടി രൂപ മുടക്കണം. ഇത് സെൽഫ് ഫൈനാൻസിംഗ് ആണ്. ഗവൺമെന്റിൽനിന്നും ഒറ്റ പൈസ പോലും കിട്ടുകയില്ല. പൈസ റെയിസ് ചെയ്യാൻ നെടുമ്പാശ്ശേരി വിമാനത്താവളം ഉണ്ടാക്കിയതുപോലെ ഷെയർ വിറ്റ് പൈസയുണ്ടാക്കണം. പിന്നെ ഒരു നിശ്ചിത ശതമാനം പേഷ്യന്റ് ഒരു ദിവസം ഉണ്ടായിരിക്കണം. പോപ്പുലേഷൻ ഉണ്ടായിരിക്കണം. അതിന്റെ ഏരിയ കണക്കാക്കിയിരിക്കുന്നത് മൂവാറ്റുപുഴ, കൂത്താട്ടുകുളം, പാലാ എന്നീ മേഖലകളിൽ നിന്നെല്ലാം കൂടിയുള്ള പേഷ്യന്റ് അവിടെയുണ്ടായിരിക്കണം. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഇതെല്ലാം വന്ന് പരിശോധിക്കും. അദ്ദേഹം പറഞ്ഞു പ്രൈമറി ഹെൽത്ത് സെന്ററിന്റെ സൗകര്യമേ അവിടെയുള്ളൂവെന്ന്. അങ്ങനെ ആ സൗകര്യങ്ങളെല്ലാം ഉണ്ടാക്കി ആഗസ്റ്റ് 31-നു മുമ്പ് തീർത്താൽ ഐ.എച്ച്.ആർ.ഡി റസല്യൂഷൻ തിരുത്തി ഇടുക്കിയിൽ ആക്കുന്നതാണ്. ഒരു മെഡിക്കൽ കോളേജ് ഉണ്ടാക്കണമെങ്കിൽ 75 കോടി രൂപ തീർച്ചയായും ഉണ്ടാക്കണം. നെടുമ്പാശ്ശേരിക്ക് പൈസ ഉണ്ടാക്കിയതാണ് ഒരു ചെറിയ പ്രേരണ വന്നത്. ഇടുക്കി കേന്ദ്രത്തിൽ ഐ.എച്ച്.ആർ.ഡി. തന്നെ പോളിടെക്നിക് തുടങ്ങി. അടുത്ത വർഷം ഇടുക്കി ആസ്ഥാനത്ത് തന്നെ പുതിയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ അപേക്ഷ കൊടുത്തിരിക്കുന്നു. തുടങ്ങും. ഇടുക്കിയിൽ എത്രയോ കൊല്ലമായിട്ട് ഞാൻ പ്രവർത്തിക്കുന്നു. ഇടുക്കി പ്രദേശത്ത് മുഴുവൻ എത്രയോ ഹൈവേകളാണ് പോകുന്നത്. അടുത്ത വർഷം തന്നെ 25 ഏക്കർ സ്ഥലം ചുണ്ടിക്കാണിച്ച് ഐ.എച്ച്.ആർ.ഡി. തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററിന്റെ സൗകര്യം പോലും ഇല്ലാത്തിടത്ത് പിന്നെ എങ്ങനെയാണ് അപേക്ഷ കൊടുക്കാൻ കഴിയുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. റാവുത്തർ ഒരു മെഡിക്കൽ കോളേജ് തുടങ്ങാനുള്ള കണ്ടീഷൻസ് എന്തൊക്കെയാണെന്ന് മനസ്സിലാക്കണം. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മുന്നോട്ടു വച്ചിരിക്കുന്നത് എന്താണെന്ന് നോക്കുക. ആ കണ്ടീഷൻസ് സാറ്റിസ്ഫൈ ചെയ്താൽ ഈ റസല്യൂഷൻ തിരുത്തി ഇടുക്കിയിലേക്ക് മാറ്റുന്നതാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : തൊടുപുഴയ്ക്ക് മൂവാറ്റുപുഴയും പാലായും ഉള്ളതുപോലെ തന്നെ ഇടുക്കി പശ്ചാത്തലമായി അടിമാലിയും നെടുങ്കണ്ടവും കുമിളിയും കട്ടപ്പനയുമൊക്കെ നിലനിൽക്കുമ്പോഴും ഇടുക്കി ആസ്ഥാനത്ത് ഇപ്പോൾ തന്നെ ജില്ലാ ആശുപത്രി പ്രവർത്തിക്കുകയും പുതിയ ഒരു കെട്ടിടം കൂടി പണിത ഒരു സാഹചര്യം നിലനിൽക്കുകയും ചെയ്യും. 100 ഏക്കർ ഭൂമി സൗജന്യമായി കൊടുക്കാമെന്ന് ഇടുക്കി ഡവലപ്മെന്റ് അതോറിറ്റി പറഞ്ഞിരിക്കുന്ന സാഹചര്യത്തിലും ഇത് തൊടുപുഴയിൽ തന്നെ വേണമെന്ന അദ്ദേഹത്തിന്റെ വാദം പക്ഷപാദപരമായ ഒരു സമീപനമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, അദ്ദേഹം ഇപ്പോഴും ഇവിടെ ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങളെപ്പറ്റി പറഞ്ഞു. ഈ 300 കിടക്കകളുള്ള ആശുപത്രി അതുകൊണ്ട് തീരുന്നില്ല. എക്വിപ്മെന്റ്സിനു തന്നെയാണ് ഏതാണ്ട് 60, 70 കോടി രൂപ. ഇപ്പോൾ പരിയാരം മെഡിക്കൽ കോളേജിന്റെ ഇൻവെസ്റ്റ്മെന്റ് 100 കോടി രൂപ കഴിഞ്ഞു. ഐ. എച്ച്.ആർ.ഡി. ഒറ്റ പൈസ അതിന് കൊടുക്കുകയില്ല, പൈസ ഇല്ല. ഡവലപ്മെന്റ് അതോറിറ്റി സ്ഥലം തരണമെങ്കിൽ റവന്യൂവിൽ നിന്ന് തരണം. അതിന്റെ രേഖ കിട്ടണം. മറ്റൊന്ന് 300 ബഡ് ഹോസ്പിറ്റൽ ഇല്ല. അതിനുള്ള എക്വിപ്മെന്റ്സ് ഉണ്ടാക്കും എന്നുള്ള ഗ്യാരന്റി ഇല്ല. അതെല്ലാം ഉണ്ടാക്കിയാൽ മാത്രമേ തൊടുപുഴയിൽ നിന്ന് അപേക്ഷ പോലും പോകുകയുള്ളൂ. അല്ലാതെ ഇടുക്കി ആശുപത്രി എന്നൊരു തീരുമാനം ഇല്ല. ഇടുക്കി ഫീഡിംഗ് ഏരിയയ്ക്ക് പുറമേയാണ് ഞാൻ മൂവാറ്റുപുഴ പറഞ്ഞത്. ബാക്കിയുള്ള ഏരിയയും കൂടി ചേർത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നടത്തണം, അവിടെനിന്നും പൈസ മിച്ചംവരുത്തി തിരിച്ചുകൊടുക്കണം. ആരോടെങ്കിലും വായ്പ മേടിച്ചാൽ തിരിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ഈ ആശുപത്രി നടത്തി അത്തരത്തിലുള്ള ഒരു സംവിധാനത്തിൽ മാത്രമേ ഈ അപേക്ഷ തന്നെ കൊടുക്കുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു പക്ഷപാതപരമായ നിലപാടും ഇല്ല. ഇത്തരം കണ്ടീഷൻ ഉണ്ടാക്കിയാൽ, കേരളത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. ശർമ്മ തന്നെ ഒരു മെഡിക്കൽ കോളേജ് തുടങ്ങാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതിനുള്ള ഫിനാൻസ് ഉണ്ടാക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. ഒരു 100 കോടി രൂപയെങ്കിലും വേണം. 100 കോടി രൂപ ഉണ്ടാക്കാനും, അത് വായ്പയാണ് തിരിച്ചുകൊടുക്കാനുള്ള പൂർണ്ണമായ സ്കീമും എല്ലാംകൂടി ഇടുക്കിയിൽനിന്നും കൊണ്ടുവന്നാൽ അപ്പോൾ ഇത് പരിണിക്കാവുന്നതാണ്. യാതൊരു വിധമായ പക്ഷപാതപരമായ നിലപാടും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല.

V സബ്മിഷൻ

(1) കല്ലൂർക്കാട് പ്രവർത്തിച്ചുവരുന്ന പോലീസ് സർക്കിൾ ഓഫീസ്

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് പഞ്ചായത്ത് ആസ്ഥാനമാക്കി വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച ഒരു പോലീസ് സർക്കിൾ ഓഫീസ്, വർഷങ്ങളായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് സർക്കിൾ ഓഫീസ് കല്ലൂർക്കാട്ട് നിന്ന് മാറ്റി മറ്റൊരു സ്ഥലത്തേയ്ക്ക് സ്ഥാപിക്കാനുള്ള നീക്കം നടന്നുവരുന്നതായി അറിയാനിടയായി. ഈ നീക്കം നടക്കുന്നു എന്ന് അറിഞ്ഞുകൊണ്ട് കല്ലൂർക്കാട് പഞ്ചായത്തിലെ സർവ്വകക്ഷികളും ഒന്നായി ചേർന്ന് പ്രതിഷേധ ശബ്ദം ഉയർത്തുകയും കല്ലൂർക്കാട് പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുകയും, കഴിഞ്ഞ 27-ാം തീയതി ഞായറാഴ്ച മുതൽ ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ പഞ്ചായത്തു മെമ്പർമാരും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും, അനി

LIBRARY ARCHIVES Kerala Legislative Assembly